**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2147 04.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ കിടത്തി ചികിത്സ സൗകര്യം**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ നിലവിലുള്ള സേവനങ്ങൾ എന്തൊക്കെയെന്നും കിടത്തി ചികിത്സ നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ നിലവിലുള്ള സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഒ.പി.വിഭാഗം<br>2. കിടത്തി ചികിത്സ<br>3. മെഡിക്കോ ലീഗൽ കേസ്<br>4. 6 പി.എം.വരെ അത്യാഹിത വിഭാഗം<br>5. ലാബ്<br>6. പൊതുജനാരോഗ്യ വിഭാഗം<br>7. കുടുംബക്ഷേമ പ്രവർത്തനങ്ങൾ<br>8. പാലിയേറ്റീവ് വിഭാഗം-പ്രൈമറി, സെക്കന്ററി<br>9. 108 ആംബുലൻസ്<br>10. ദന്തൽ വിഭാഗം<br>11. ഫാർമസി<br>12. സ്കൂൾ ഹെൽത്ത് വിഭാഗം<br>13. കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്<br>കിടത്തി ചികിത്സ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങളുണ്ട്. പുതിയ ഫീമെയിൽ വാർഡ്, ഒ.പി.ബ്ലോക്ക് എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള നടപടിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കാലയളവിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.ഒ.(എം.എസ്.)നം.557/10/ എച്ച്&എഫ്.ഡബ്ല്യൂഡി. തീയതി 20.08.2010 ഉത്തരവ് പ്രകാരം സി.എച്ച്.സി. ഞാറയ്ക്കലിനെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| (സി) | ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിനിൽ കിടത്തിച്ചികിത്സ സൗകര്യമുള്ള സർക്കാർ ആശുപത്രി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | വൈപ്പിൻ മേഖലയിൽ ഞാറക്കൽ താലൂക്ക് ആശുപത്രിയിലും മാലിപ്പുറം സി.എച്ച്.സി.യിലും കിടത്തി ചികിത്സാ സൗകര്യമുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ